**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1337 — 08.02.2013 ൽ മറുപടിയ്ക്ക്

## സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. ഇ.കെ. വിജയൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നെല്ല് സംഭരണത്തിനായി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കുറയാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) നെല്ല്സംഭരണത്തിനായി രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണത്തിൽ 2012-13 ഒന്നാം സീസണിൽ കുറവുണ്ടായിട്ടില്ല. 2012-13 രണ്ടാം സീസൺ രജിസ്ട്രേഷൻ ആരംഭിച്ചതേയുള്ളൂ. |
| ബി) സപ്ലൈകോ ഇപ്പോൾ എത്ര രൂപയ്ക്ക് നെല്ല് സംഭരിക്കുന്നുണ്ട് ; സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കുടിശ്ശികയായിട്ടുണ്ടോ ;എങ്കിൽ കുടിശ്ശികയുള്ള തുക എത്ര ; | ബി) കി.ഗ്രാമിന് 17 രൂപ നിരക്കിലാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. സംഭരിച്ച നെല്ലിന്റെ വില മുഴുവൻ കർഷകരുടെ അക്കൗണ്ടിലേക്ക് നൽകികഴിഞ്ഞിട്ടുണ്ട്. കർഷകർ കൃത്യമായ വിവരം നൽകാത്തതുമൂലം സൂക്ഷ്മ പരിശോധന പൂർത്തിയാക്കാൻ കഴിയാത്ത ഏതാനും പാഡി റസീറ്റ് ഷീറ്റുകൾക്കുള്ള വില മാത്രമേ ഇനി നൽകുവാനുള്ളൂ. ഇപ്രകാരം 29,15,160 രൂപയാണ് ഇനി നൽകുവാനുള്ളത്. ഇതു കർഷകർ കൃത്യമായ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്. |
| സി) സ്വകാര്യ മില്ലുകൾ നടത്തുന്നവർ സപ്ലൈകോ നൽകുന്ന വിലയേക്കാൾ കൂടുതൽ നൽകി നെല്ല് സംഭരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | സി) ശ്രദ്ധയിൽപെട്ടിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ